## അഴുക്കിൽനിന്ന് വിശുദ്ധിയുടെ വിഹായസ്സിലേക്ക്

**ഒരു** നാൽക്കാലിക്ക് പുല്ലു കിട്ടാതെയായാൽ അത് പട്ടിണി കിടന്ന് ചാവും. വെള്ളം കിട്ടാഞ്ഞാൽ ദാഹിച്ച് വലയും. പുല്ലിന്റെയും വെള്ളത്തിന്റെയും സമൃദ്ധിയിൽ ഒരു നാൽക്കാലിയും പട്ടിണി കിടക്കാനോ ദാഹിക്കാനോ തയാറാവില്ല. അതുകൊണ്ട് കാലികൾ എന്നും പുല്ലിന്റെയും വെള്ളത്തിന്റെയും അടിമകളായി കാലം കഴിക്കുന്നു. ഇവിടെയാണ് മനുഷ്യരും ഇതര ജന്തുക്കളും തമ്മിൽ വേർതിരിയുന്നത്. മനുഷ്യൻ വിഭവസമൃദ്ധിയിലും ചിലപ്പോൾ പട്ടിണി കിടക്കുന്നു. അമൂർത്തമായ ചില ആശയങ്ങൾക്കുവേണ്ടി ജഡികേഛകളെ നിയന്ത്രിക്കുകയാണ് മനുഷ്യൻ ചെയ്യുന്നത്. ഇതു തന്നെയാണ് സംസ്കാരത്തിന്റെ ആദ്യപടി. മനുഷ്യൻ തന്റെ ജന്തുവാസനകളെ അതിജീവിക്കുന്നിടത്തുനിന്നാണ് സംസ്കാരത്തിന്റെ തുടക്കം.

ഈ പാഠം വിശ്വാസികളെ കൂടുതൽ ഉദാത്തവും തീവ്രവും പ്രായോഗികവുമായ രീതിയിൽ അഭ്യസിപ്പിക്കുകയാണ് ഇസ്‌ലാമിലെ വ്രതാനുഷ്ഠാനം. പ്രാഥമിക ജഡികാവശ്യങ്ങളോടുള്ള നിരാസം അവന്റെ അഹംബോധത്തെ അഴുക്കുനിറഞ്ഞ മണ്ണിൽനിന്ന് വിശുദ്ധമായ വിണ്ടലത്തിലേക്കു നയിക്കുന്നു. ഭൗതിക ഭ്രമങ്ങളുടെ കെട്ടുപാടുകളിൽനിന്നുള്ള ഒരു കുതറലാണ് വ്രതാനുഷ്ഠാനം. ആത്മീയതയുടെ വിഹായസ്സിൽ വിഹരിക്കാനുള്ള വെമ്പൽ.

**സിയാദ് എരുമേലി**

## മറ്റു സംഘടനകളും ഏറ്റെടുക്കേണ്ടതല്ലേ?

**പലിശ** സൃഷ്ടിക്കുന്ന വൻ പ്രത്യാഘാതത്തെക്കുറിച്ച് ശക്തമായ ഭാഷയിൽ പ്രതികരിക്കുകയും പലിശരഹിത സാമ്പത്തിക വ്യവസ്ഥിതിയുടെ മാസ്മരിക വിജയം പ്രായോഗികമായി ലോകത്തിന് മുമ്പിൽ കാഴ്ചവെക്കുകയും ചെയ്ത ഏകജീവിത ദർശനമാണ് ഇസ്‌ലാം. അനിഷേധ്യമായ ഈ യാഥാർഥ്യത്തിലേക്ക് വിരൽചൂണ്ടിയാണ് സംസ്ഥാന കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ, പലിശരഹിത വ്യവസ്ഥിതിയെക്കുറിച്ച് ലോകത്ത് ആദ്യമായി സംസാരിച്ചത് ഇസ്‌ലാമാണെന്ന് വെട്ടിത്തുറന്ന് പറഞ്ഞത്.

പലിശ വാങ്ങുന്നത് തെറ്റാണെന്ന ഉൾവിളി ഒരാളുടെ മനസ്സിലുണ്ടെങ്കിൽ അത് ഇസ്‌ലാമിന്റെ വക്താക്കളിൽ മാത്രമാണെന്നും അദ്ദേഹം പറയുകയുണ്ടായി. കുട്ടനാട്ടിലെ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിന് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുമ്പോൾ, ഇസ്‌ലാമിന്റെ പലിശരഹിത വ്യവസ്ഥിതിയെക്കുറിച്ച് ആവേശപൂർവം അനുസ്മരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി.

ഈ പശ്ചാത്തലത്തിൽ നാട്ടിലെങ്ങും കൊച്ചു കൊച്ചു പലിശരഹിത നിധികൾ സ്ഥാപിച്ചുകൊണ്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ജമാഅത്തെ ഇസ്‌ലാമി 'പലിശക്കെതിരെ പങ്കുചേരുക' എന്ന ബാനറിൽ സംഘടിപ്പിക്കുന്ന 'പലിശരഹിത മൂലധന സമാഹരണപക്ഷം', സമൂഹത്തിന്റെ മൊത്തം അനുഭാവവും സഹകരണവും അർഹിക്കുന്ന നടപടിയാണ്.

ബ്ലേഡ് ലോബികളുടെയും മറ്റും കൊള്ളപ്പലിശ കച്ചവടം, നാട്ടിൻ പുറങ്ങളിലെ നിസ്സഹായരായ സാധാരണക്കാരുടെ കഴുത്തിന് പിടിക്കുകയും അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുകയും ചെയ്യുമ്പോൾ, പലിശരഹിത വായ്പാ നിധികൾ വ്യാപകമാക്കുന്നത് ആശ്വാസത്തിന്റെ കൈത്തിരികളായി മാറുകതന്നെ ചെയ്യും.

പലിശയുടെ നിഷിദ്ധതയെക്കുറിച്ച് ഘോരഘോരം പ്രസംഗിച്ചതുകൊണ്ടായില്ല. പലിശയുടെ നീരാളിപ്പിടുത്തത്തിൽനിന്ന് സാധാരണക്കാരെ മോചിപ്പിക്കാൻ നാടെങ്ങും പലിശ രഹിത വായ്പാ നിധികളാണ് ഉയർന്നുവരേണ്ടത്. പലിശ സാമൂഹിക തിന്മയാണെന്ന് അംഗീകരിക്കാത്ത ഒറ്റ മുസ്‌ലിം സംഘടനയും ഇല്ലെന്നിരിക്കെ, ഈ മഹാവിപത്തിനെതിരെ മിനിമം കൂട്ടായ്മ ഉണ്ടാക്കാൻ എന്തേ സാധിക്കാതെ പോവുന്നു? കൂട്ടായ്മ സാധ്യമല്ലെങ്കിൽ വ്യത്യസ്ത സംഘങ്ങളുടെ നേതൃത്വത്തിലെങ്കിലും ഈ രംഗത്ത് ആരും സജീവമല്ലെന്നത് എന്തു മാത്രം ഖേദകരമല്ല!

**റഹ്മാൻ മധുരക്കുഴി**

## പ്രബോധനം റമദാൻ ക്വിസ്-1

(ഉത്തരങ്ങൾ അയക്കുന്നവർ കവറിന് മുകളിൽ 'റമദാൻ ക്വിസ്-1' എന്നെഴുതിയിരിക്കണം. ഉത്തരം കിട്ടേണ്ട അവസാന തീയതി സെപ്റ്റംബർ 15. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്)

1. മുസ്ഹഫ് എന്ന പദത്തിന്റെ ഭാഷാർഥം?
2. 'അടിമ നമസ്കരിക്കുമ്പോൾ തടയുന്നവനെ നീ കണ്ടുവോ?' (സൂറ *അൽ അലഖ്*) ആരാണ് നമസ്കാരത്തിൽനിന്ന് തടഞ്ഞത്?
3. സൂറ *മുദ്ദസ്സിറി*ന്റെ ആരംഭത്തിൽ ഖുർആൻ കേട്ടിട്ടും പിന്തിരിഞ്ഞുപോയ ഒരു വ്യക്തിയിലേക്ക് സൂചന നൽകുന്ന ആയത്തുകളുണ്ട്. വ്യക്തി ആര്?
4. 'തന്റെ ഭർത്താവിന്റെ കാര്യത്തിൽ താങ്കളോട് തർക്കിക്കുന്നവളുടെ വാക്ക് അല്ലാഹു കേട്ടിരിക്കുന്നു' - ഈ ഖുർആൻ വചനത്തിലെ തർക്കിക്കുന്ന സ്ത്രീ ആര്?
5. മദ്യനിരോധനം പടിപടിയായാണ് നടപ്പിലായത്. ക്രമം തെറ്റാതെ അവ ഏതൊക്കെ സൂറകളിലും ആയത്തുകളിലുമാണെന്ന് വ്യക്തമാക്കുക?
6. ബഹീറ എന്നാലെന്ത്?
7. "നിങ്ങൾക്ക് മുമ്പ് ഒരു ദൂതന്നും നൽകപ്പെട്ടിട്ടില്ലാത്ത രണ്ട് പ്രകാശങ്ങൾ നിങ്ങൾക്ക് ലഭ്യമായതിൽ സന്തോഷിക്കുക"- ഈ നബിവചനത്തിൽ രണ്ട് പ്രകാശങ്ങൾ എന്ന് വിശേഷിപ്പിച്ചത് ഏത് സൂറത്തിനെയും ആയത്തുകളെയുമാണ്?
8. സൂറത്ത് എന്നതിന്റെ ഭാഷാർഥം?
9. ഒരു സ്വഹാബി എത്യോപ്യൻ ചക്രവർത്തി നജ്ജാശിയുടെ മുമ്പിൽ ഒരു സൂറയുടെ ആദ്യഭാഗം ഓതിക്കേൾപ്പിച്ചു. സ്വഹാബി ആര്? സൂറ ഏത്?
10. ഖുർആനിൽ പരാമർശിക്കപ്പെട്ട ഇറാഖി നഗരത്തിന്റെ പേര്?

## കത്തുകൾ



## സാമ്രാജ്യത്വ പാദസേവ

**"ഇന്ത്യൻ** മുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ബ്രിട്ടീഷ് ഭരണാധികാരികളോട് കൂറ് പുലർത്തിയവരായിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്" (*സത്യദൂതൻ* 2008 ആഗസ്റ്റ് പേജ് 36). ഒന്നാം സ്വാതന്ത്ര്യസമരവും ടിപ്പുസുൽത്താൻ ഉൾപ്പെടെയുള്ള പലരും നടത്തിയ വീരോചിത ചെറുത്തുനിൽപുകളും ബ്രിട്ടീഷ് രാജിനും അവരുടെ സംസ്കാരത്തിനുമെതിരെ സുദീർഘ പോരാട്ടങ്ങൾ നടത്തിയ പതിനായിരക്കണക്കിന് ഇസ്‌ലാമിക പണ്ഡിതരുടെ ബഹുമുഖ പ്രവർത്തനങ്ങളുമൊന്നും ഖാദിയാനികളുടെ ശ്രദ്ധയിൽ പെട്ടുകാണില്ല.

"... അഹ്മദി മുസ്‌ലിംകൾ സ്വാതന്ത്ര്യത്തിനു വേണ്ടി മറ്റുള്ളവരേക്കാളും ആഗ്രഹിച്ചവരാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ വിചാരം അഹ്മദിയ്യ പ്രസ്ഥാനത്തിന്റെ ദിവ്യ സ്ഥാപകർക്കുണ്ടായിരുന്നതിന്റെ പകുതിപോലും ഗാന്ധിജിക്കോ പണ്ഡിറ്റ് നെഹ്റുവിനോ ഉണ്ടായിരുന്നെന്ന് ഒരു നിമിഷ നേരത്തേക്കു കൂടി വകവെച്ചുകൊടുക്കാൻ താൻ തയാറല്ലെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് പ്രഖ്യാപിച്ചിരുന്നത്." (അതേ ലേഖനം).

ഗാന്ധിജിയും നെഹ്റുവും ആഗ്രഹിച്ചതിന്റെ ഇരട്ടി സ്വാതന്ത്ര്യദാഹം പുലർത്തിയ ഖാദിയാനീ പ്രമുഖരുടെ പേരുവിവരങ്ങൾ വേഗം നമ്മുടെ സർക്കാറിനെ അറിയിക്കൂ. മരണാനന്തര ബഹുമതിയെങ്കിലും അവർക്ക് കിട്ടിയേക്കും. ബ്രിട്ടൻ വഴി അമേരിക്കൻ പ്രസിഡന്റിനെ കൊണ്ട് ശിപാർശ പറയിച്ചാൽ നമ്മുടെ മൻമോഹൻ സിംഗ് അത് സഗൗരവം ഏറ്റെടുത്തോളും; നുണക്ക് വല്ല നോബൽ സമ്മാനവുമുണ്ടെങ്കിൽ അതും. അതേ ലേഖനത്തിൽ തുടർന്ന് ഇങ്ങനെയും വായിക്കാം: "ബ്രിട്ടൻ ഭരണരംഗത്ത് നീതിപുലർത്തിയവരും എല്ലാ മനുഷ്യ സ്വാതന്ത്ര്യത്തേക്കാളും വിലപ്പെട്ട മതസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചവരും ആണെന്നതിനാൽ അവരെ ആ മഹാത്മാവ് വാഴ്ത്തിപ്പറയുകയും ആ ഭരണത്തിന്റെ ക്ഷേമത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തിട്ടുണ്ടെന്നത് നേരാണ്."

ബ്രിട്ടന്റെ 'നീതി' പണ്ടും ഇന്നും ലോകം പല നിലക്കും അറിയുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ട്; ചെയ്യുന്നുമുണ്ട്. അമേരിക്കക്ക് പാദസേവ ചെയ്യുന്ന ഈ ദുശ്ശക്തിക്ക് സ്തുതിഗീതമാലപിക്കുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നവരുടെ ഉള്ളിലിരുപ്പ് ഊഹിക്കാവുന്നതേയുള്ളൂ.

**എ.ആർ അഹ്മദ് ഹസൻ**
**മാഹി**